K18U 0902

GOVT. BRENNEN COLLEGE CENTRAL LIBRARY

Reg. No.: ..............................

Name : ..................................

**IV Semester B.A. Degree (CBCSS – Reg./Supple./Imp.) Examination, May 2018**
**(2014 Admn. Onwards)**
**COMPLEMENTARY COURSE IN MALAYALAM**
**4C 04 MAL : മലയാള സാഹിത്യചരിത്രം (ഭാഗം – 2)**

Time : 3 Hours	Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) വിരഹത്തിന്റെ തീവ്രഭാവത്തെ ആവിഷ്കരിക്കുന്ന മലയാളത്തിലെ പ്രധാന വിലാപ കാവ്യമാണ് ഒരു വിലാപം. സമർത്ഥിക്കുക.

2) പർവ്വതദൃശ്യങ്ങളെ ആവിഷ്കരിച്ചുകൊണ്ട് മലയാള സാഹിത്യത്തിലേക്ക് കാല്പനിക തയെ കൈപിടിച്ചാനയിച്ച കാവ്യമാണ് മലയവിലാസം – പരിശോധിക്കുക.

3) കേശവീയത്തെ അടിസ്ഥാനമാക്കി മഹാകാവ്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിവരിക്കുക.

4) ഏത് വെല്ലുവിളികളേയും സ്വീകരിക്കാൻ കെല്പുള്ളതായിരുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കാവ്യഭാവന. 'നല്ലഭാഷ'യുടെ രചനയെ മുൻനിർത്തി പരിശോധിക്കുക.

**(2×7=14)**

II. നൂറ്റമ്പതു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) വെണ്മണി പ്രസ്ഥാനത്തിന്റെ പൊതുസ്വഭാവങ്ങൾ എഴുതുക.

6) അമ്മയുടെ മൃതദേഹത്തിനടുത്ത് നിസ്സഹായനായും ചിലപ്പോൾ നിസ്സംഗനായും ഇരിക്കുന്ന അച്ഛന്റെ രൂപം കവിഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചതാണ് ഒരു വിലാപം എന്ന കാവ്യമായി മാറിയത്. പരിശോധിക്കുക.

7) 'എന്നാൽ ഭവാനുള്ളിലിതൊന്നുമാത്രം
നന്നായ് വിചാരിച്ചു വസിച്ചിടേണം
വിശിഷ്ടമാം മോദമെഴുന്നദിക്കിൽ
വിഷാദബീജങ്ങളൊളിച്ചുമേവും' – സന്ദർഭമെഴുതി ആശയം വിപുലീകരിക്കുക.

P.T.O.

8) 'ഉണ്ടൊരടുക്കളതീണ്ടലു വീണ്ടും നടപടി നടത്തുകിനിയെന്നാൻ' ആധാരമായ കഥ വിശദീകരിക്കുക.

9) മലയാളത്തിലെ പ്രധാന ഖണ്ഡകാവ്യങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

10) വിലാപകാവ്യങ്ങളുടെ സവിശേഷതകൾ കുറിക്കുക. **(4×3=12)**

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'കവീശ്വരർക്കെങ്ങനെ ചെല്ലമായി നീ ?' ആര് ? വിശദീകരിക്കുക.

12) 'വിത്തം കൊടുക്കേണ്ടിവരുന്ന കാര്യം
ലുബ്ധന്റെ കർണ്ണത്തിനു ശല്യമല്ലോ' – സന്ദർഭമെഴുതി വിശദീകരിക്കുക.

13) 'ഘോരാരണ്യച്ചുഴൽക്കാറ്റടികളിലിളകും തൂമണം വ്യർത്ഥമാക്കു –
ന്നോരാപ്പൂവെത്രയുണ്ടാ,മവകളിലൊരുനാളൊന്നു കേളിപ്പെടുന്നു!'
വിശദീകരിക്കുക.

14) ''അഹോ മഹാപാപമുരത്തുപോയി ഞാൻ
മഹാജനം മാപ്പുതരട്ടെ തൽക്ഷണം.'' ക്ഷമ ചോദിക്കുന്നതാര് ? കാരണമെന്ത് ?

15) 'ദയാർഹമായുള്ളൊരവന്റെ ലോഭം
നിനച്ചുകൊണ്ടുച്യുതനും തിരിച്ചു''. ദയാർഹമായുള്ളത് ആരുടെ ലോഭമാണ് ?
വിശദമാക്കുക.

16) 'കട്ടുപോയിയതിനിക്കിടയ്ക്കുമോ' എന്താണ് കളവു പോയത് ? മോഷണമുതൽ കണ്ടെടുത്തതെങ്ങനെ ? **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'പ്രരോദനം' ആരെഴുതിയ വിലാപകാവ്യമാണ് ?

18) വ്യാസമഹാഭാരതം പദാനുപദം മലയാളത്തിലേക്ക് ആദ്യം വിവർത്തനം ചെയ്തതാര് ?

19) 'ആസന്നമരണചിന്താശതകം' എന്ന കാവ്യം എഴുതിയതാര് ?

20) ഒരു മഹാകാവ്യത്തിൽ കുറഞ്ഞത് എത്ര സർഗ്ഗങ്ങൾ ഉണ്ടാകണമെന്നാണ് പണ്ഡിതമതം ?

21) മലയാളത്തിലെ ആദ്യ ലക്ഷണയുക്ത മഹാകാവ്യമേത് ? എഴുതിയതാര് ?

22) 'കോമപ്പൻ' എന്ന പച്ചമലയാളകൃതി എഴുതിയതാര് ?

23) 'കരുത്തനാം ഭാർഗ്ഗവനന്നു ശേഖരി –
ച്ചെടുത്തു സൂക്ഷിച്ചൊരു മേഘമാലയോ ?'' എന്തിനെയാണ് മേഘമാലയായി കവി സന്ദേഹിക്കുന്നത് ?

24) 'ശ്രീയും സഖേ! സംശയമില്ല മന്നിൽ
സ്ത്രീയും നിമിത്തം കലഹത്തിനെല്ലാം'' – ആരുടെ വാക്കുകൾ ? **(6×1=6)**

---